## 1099

1 നാശത്തിലാപതിച്ചുള്ള മർത്യരെ വീണ്ടെടുക്കുവാൻ
വ്യഗ്രത പൂണ്ടു നീ ഓടുക സോദരാ പ്രാണനാഥനിപ്പോൾ വന്നിടും

വാ! വാ! ഓടി വാ സോദരാ ഹാ! ഹാ! കാലം കഴിയാറായ്
ആർക്കും പ്രവർത്തിക്കാൻ സാദ്ധ്യമല്ലാ രാത്രി
എത്രയും വേഗമണഞ്ഞിടും-

2 കൊയ്യുവാൻ ഏറെയുണ്ടല്ലോ കൊയ്ത്തുകാർ ഏറ്റം ന്യൂനവും
വേലക്കാരെ അയച്ചിടുവാൻ കെഞ്ചുക കൊയ്ത്തിന്റെ നാഥനെപ്പോഴും-

3 ഭീരുത്വം എല്ലാം പോകട്ടെ ലജ്ജയും വിട്ടുമാറട്ടെ
എങ്ങും എവിടെയും നാഥനെഘോഷിപ്പാൻ
ഉൾക്കരുത്തോടെ നാം പോയിടാം-

4 ക്രിസ്തുവിൻ സത്യശിഷ്യനായ് തീരുവാൻ നീ ഒരുക്കമോ?
നിൻകുരിശേന്തിയവനെപ്പിൻചെല്ലുക ലോകത്തെ മുറ്റും വെടിഞ്ഞു നീ-

5 ലോകത്തീന്നന്ത്യനാൾവരെ നിന്നോടുകൂടെയുണ്ടവൻ
വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാകയാൽ
സേവ ചെയ്തിടുക ധീരനായ്- **K.D.W.**